# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്(1)

**2023 ഒക്ടോബർ 10**

---

*എം.ജി സർവകലാശാലയിൽ ഇൻഡോർ സ്റ്റേഡിയം ആന്റ് സ്പോർട്സ് കോംപ്ലക്സ് പദ്ധതിക്ക് ധാരണാപത്രം ഒപ്പുവച്ചു*

## <u>കായിക വിഷയങ്ങളിൽ കൂടുതൽ പുതുതലമുറ കോഴ്സുകൾ തുടങ്ങും-മന്ത്രി ഡോ. ആർ. ബിന്ദു</u>

സംസ്ഥാനത്ത് കായിക മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ പുതു തലമുറ അക്കാദമിക് കോഴ്സുകൾ ആരംഭിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ സൂസൻ മേബിൾ ഇൻഡോർ സ്റ്റേഡിയം ആന്റ് സ്പോർട്സ് കോംപ്ലക്സ് പദ്ധതിയുടെ ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് മെഡിസിൻ, സ്പോർട്സ് എൻജിനീയറിംഗ് തുടങ്ങിയ വിഷയങ്ങളിൽ പുതു തലമുറ കോഴ്സുകൾ ആവിഷ് കരിക്കുന്നത് കായിക മേഖലയുടെ വികസനത്തിനും അതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉപകരിക്കും. ഇതു സംബന്ധിച്ച വിശദമായ ചർച്ചകൾ നടന്നിട്ടുണ്ട്. നാലു വർഷ ബിരുദ കോഴ്സുകളിൽ കായിക പ്രതിഭകൾക്ക് മികവിന് ആനുപാതികമായി ക്രെഡിറ്റ് നൽകാനും തീരുമാനമുണ്ട്.

കായിക മേഖലയിൽ പ്രതിഭ തെളിയിക്കുന്ന വിദ്യാർഥികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പുതിയ കരിക്കുലം ഫ്രെയിം വർക്ക് നിർദേശിക്കുന്നതുപോലെ എല്ലാ വിദ്യാർഥികൾക്കും കായിക മേഖലയെക്കുറിച്ചുള്ള അറിവും പരിശീലനവും നൽകുന്ന വിധത്തിൽ കോളജ് തലത്തിൽ ഫിസിക്കൽ എജ്യുക്കേഷൻ ഒരു പഠനവിഷയമായി നൽകുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

ഇതാദ്യമായാണ് ഇത്രയും വലിയൊരു തുക ഒന്നിച്ച് ഒരു സർവകലാശാലയിലെ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ അനുവദിക്കുന്നത്. രാജ്യാന്തര തലത്തിലുള്ള കായിക മത്സരങ്ങൾക്കും വിവിധ കായിക ഇനങ്ങളിലുള്ള പരിശീലനത്തിനും പുറമെ പുതുതലമുറ കായിക കോഴ്സുകൾ സുഗമമായി നടത്തുന്നതിനുമുള്ള സൗകര്യം മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ പുതിയ സ് പോർട്സ് സമുച്ചയത്തിലുണ്ടാകുമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

പുതിയ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലസ്കും കായിക മേഖലയിൽ മഹാത്മാ ഗാന്ധി സർവ്വകലാശലയുടെ കുതിപ്പിന് ഊർജ്ജം പകരുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. കേരളത്തിൽ മറ്റൊരു സർവകലാശാലയിലും ഇല്ലാത്ത വിപുലമായ സൗകര്യങ്ങളാണ് പദ്ധതിയുടെ ഭാഗമായി ഇവിടെ ഒരുങ്ങുന്നത്. ഭാവിയിൽ രാജ്യാന്തര തലത്തിലുള്ള മത്സരങ്ങൾക്ക് ആതിഥ്യമരുളാൻ സർവകലാശാലയ്ക്ക് സാധിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കായിക മേഖലയിലെ സമഗ്ര വികസനത്തിനാണ് സംസ്ഥാന സർക്കാർ പ്രാധാന്യം നൽകുന്നതെന്ന് ധാരണാപത്രം ഏറ്റുവാങ്ങിയ കായിക മന്ത്രി വി. അബ്ദുറഹ്മൻ പറഞ്ഞു. ഇതിന്റെ ഭാഗമായാണ് 1500 കോടി രൂപ ചിലവിട്ട് അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കാൻ തീരുമാനിച്ചത്. ഇതിൽ 900 കോടിയോളം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന ലക്ഷ്യത്തോടെ 113 ഓളം കളിക്കളങ്ങളുടെ നിർമാണം നടത്തുന്നു. പ്രാദേശിക തലം വരെ എത്തുന്ന വികസന, പരിശീല പദ്ധതികൾ കേരളത്തിന്റെ കായിക മേഖലയുടെ മേൽവിലാസം മാറ്റിയെഴുതാൻ പോന്നതാണ്-മന്ത്രി ചൂണ്ടിക്കാട്ടി.

ചടങ്ങിൽ സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാറും സംസ്ഥാന സ്പോർടസ് യുവജനകാര്യ ഡയറക്ടർ രാജീവ്കുമാർ ചൗധരിയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

തോമസ് ചാഴികാടൻ എംപി, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യ രാജൻ, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ, ജില്ലാ പഞ്ചായത്തംഗം റോസമ്മ സോണി, ബ്ലോക്ക് പഞ്ചായത്തംഗം ജെയിംസ് കുര്യൻ, ഗ്രാമപഞ്ചായത്തംഗം ജോഷി ഇലഞ്ഞിയിൽ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സഖറിയ, ഡോ. ബിജു തോമസ്, ഡോ. എ. ജോസ്, സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, കോട്ടയം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഡോ. ബൈജു വർഗീസ്, സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എൻജിനീയർ പി.കെ. അനിൽകുമാർ, സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസ് തുടങ്ങിയവർ പങ്കെടുത്തു.

സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സംഘടനാ പ്രതിനിധികൾ, വകുപ്പ് മേധാവികൾ, അധ്യാപകർ, ജീവനക്കാർ, സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളജുകളിലെയും വിദ്യാർഥികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

(പി.ആർ.ഒ/39/1212/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**